# കന്യാകുമാരി




• അഷ്കർ കബീർ

ഒരേ ദിശയിൽ തന്നെ സൂര്യോദയവും അസ്തമയവും കാണണമെങ്കിൽ, നിറപൗർണ്ണമി നാളിൽ ഒരേ സമയത്ത് സൂര്യാസ്തമയവും ചന്ദ്രോദയവും ഒരുമിച്ച് കാണണമെന്നു കൂടിയുണ്ടെങ്കിൽ ഇന്ത്യാ മഹാരാജ്യത്ത് അത്തരം ഒരൊറ്റ ബീച്ച് മാത്രമേയുള്ളൂ- കന്യാകുമാരി. ഇത്തരത്തിലുള്ള ലോകത്തെ അപൂർവ്വം ബീച്ചുകളിലൊന്നു കൂടിയാണ് ഈ സുന്ദരതീരം.

തിരുവനന്തപുരത്തെത്തിയാൽ നഗരമധ്യത്തിൽ നിന്ന് 90 കിലോമീറ്ററേ കന്യാകുമാരിയിലേക്ക് ദൂരമുള്ളൂ. ഇന്ത്യാ ഉപഭൂഖണ്ഡത്തിന്റെ തെക്കേയറ്റം കൂടിയാണ് കന്യാകുമാരി. കശ്മീർ താഴ്വരയിൽ നിന്നുള്ള ഇന്ത്യൻ റെയിൽവേ ശൃംഖല അവസാനിക്കുന്നതും കന്യാകുമാരിയിലാണ്. തമിഴ്നാട് തീരത്തിലെ ബംഗാൾ ഉൾക്കടലും കേരള തീരത്തെ അറബിക്കടലും ഇന്ത്യൻ മഹാ സമുദ്രവും ഒന്നുചേരുന്ന അത്യപൂർവ്വകാഴ്ചയും കന്യാകുമാരിക്ക് മാത്രം സ്വന്തം.

ഗാന്ധി സ്മൃതിമണ്ഡപമാണ് കന്യാകുമാരിയിലെ ആദ്യ കാഴ്ച. കേരള സന്ദർശനത്തിന്റെ ഭാഗമായിട്ടായിരുന്നു 1925 മാർച്ച് 14-ന് ഗാന്ധിജി ആദ്യമായി കന്യാകുമാരിയിലെത്തിയത്. തിരുവനന്തപുരത്തു നിന്ന് 1934 ജനുവരി ഇരുപത്തി രണ്ടാം തീയതി വിശ്രമത്തിനായാണ് അവിടെയെത്തിയത്. 1937 ജനുവരി 14-നാണ് അവസാനമായെത്തിയത്. ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ ബാപ്പുജിയുടെ ചിതാഭസ്മം നിമഞ്ജനം ചെയ്യുന്നതിന്റെ ഭാഗമായി തെക്കേയറ്റത്തുള്ള കന്യാകുമാരിയിലും ചിതാഭസ്മമെത്തി. അത് കടലിൽ നിമഞ്ജനം ചെയ്യുന്നതിന് മുമ്പ് പൊതുജനങ്ങൾക്കായി പ്രദർശനത്തിന് വെച്ചിരുന്ന സ്ഥലത്താണ് ഇക്കാണുന്ന ഗാന്ധി മണ്ഡപം 1956-ൽ നിർമ്മിച്ചത്.

ഉത്തരേന്ത്യയിലെ ക്ഷേത്രങ്ങളുടെ മാതൃകയിൽ 79 അടി ഉയരത്തിലാണ് മണ്ഡപം സ്ഥിതിചെയ്യുന്നത്. മരണ സമയത്ത് ഗാന്ധിജിക്ക് 79 വയസ്സായിരുന്നു. ഗാന്ധി ജനിച്ച ദിനമായ ഒക്ടോബർ രണ്ടിന് സൂര്യരശ്മികൾ മണ്ഡപത്തിൽ



▸▸ ഇന്ത്യയിലെ ആദ്യത്തെ സൈബർ പോസ്റ്റ് ഓഫീസ് സ്ഥാപിതമായതെവിടെ – ചെന്നൈ

നേരിട്ട് പതിക്കുന്ന രീതിയിലാണ് കെട്ടിടത്തിന്റെ സ്ഥാന നിർണ്ണയം.

വിവേകാനന്ദപ്പാറയിലേക്ക് ഇവിടെ നിന്ന് അടിക്കടി ബോട്ട് സർവ്വീസുണ്ട്. വാവത്തുറൈ മുനമ്പിൽ നിന്ന് 500 മീറ്റർ അകലെയാണ് പാറ സ്ഥിതി ചെയ്യുന്നത്.

1892-ലാണ് സ്വാമി വിവേകാനന്ദൻ കന്യാകുമാരിയിലെത്തുന്നത്. ഡിസംബർ മാസാവസാനത്തിലെത്തിയ വിവേകാനന്ദൻ കടൽ നീന്തിക്കടന്ന് പാറയിലെത്തി മൂന്ന് ദിവസം (24,25,26) ധ്യാനത്തിലിരുന്നു. ആ സ്ഥലത്താണ് വിവിധ ക്ഷേത്ര മാതൃകയിൽ ഇന്നത്തെ ഈ ധ്യാന മണ്ഡപം പണിതിരിക്കുന്നത്. ഇവിടെ നിന്ന് നോക്കിയാൽ ത്രിവേണീസംഗമം (അറബിക്കടൽ, ബംഗാൾ ഉൾക്കടൽ, ഇന്ത്യൻ മഹാ സമുദ്രം) കാണാം. തൊട്ടടുത്ത് കാണുന്ന മറ്റൊരു മണ്ഡപമാണ് ശ്രീപാദ മണ്ഡപം.

ആ പാറപ്പുറത്തു കാണുന്ന കൂറ്റനൊരു പ്രതിമ കണ്ടോ? മഹാകവിയും ദാർശനികനുമായിരുന്ന തിരുവള്ളുവരുടെ പ്രതിമയാണത്. 'തിരുക്കുറൾ' എന്ന ദാർശനിക ഗ്രന്ഥത്തിന്റെ കർത്താവ് കൂടിയായ തിരുവള്ളുവർ തമിഴ്നാടിന്റെ സാംസ്കാരിക ബിംബമാണ്.

'ഞാൻ എന്ന് പറയുമ്പോൾ ചുണ്ടുകൾ ചലിക്കുന്നു, നമ്മളെന്ന് ചൊല്ലുമ്പോൾ ചുണ്ടുകൾ ഒന്നായിതീരുന്നു' തുടങ്ങി തിരുക്കുറലിലെ മഹത്തായ വചനങ്ങളാണ് തമിഴ് നാട്ടിലെ ബസ്സുകളിൽ പോലും ആലേഖനം ചെയ്തിരിക്കുന്നത്.

ഒരു കാലത്ത് തിരുവിതാം കൂറിന്റെയും തിരുകൊച്ചിയുടെയുടെയും ഭാഗമായിരുന്ന കന്യാകുമാരി പിന്നീടാണ് തമിഴ്നാടിന്റെ ഭാഗമായിത്തീർന്നത്.

•





*തിരുവള്ളുവരുടെ പ്രതിമ*



*വിവേകാനന്ദപ്പാറ*

▸▸ മധ്യപ്രദേശിന്റെ ജീവരേഖ എന്നറിയപ്പെടുന്ന നദി- നർമദ